<u>പത്രക്കുറിപ്പ്</u>

# തമിഴ്നാട്ടിൽ നിന്നും അനധികൃത മദ്യം കടത്തൽ: രണ്ട് പ്രതികൾ അറസ്റ്റിൽ

# ലോക്ക് ഡൗൺവിലക്ക് ലംഘനം: 381 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- കോവിഡ് രോഗ നിയന്ത്രണങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് മദ്യശാലകൾ അടച്ചിട്ടിരിക്കുകയാൽ തമിഴ്നാട്ടിൽ നിന്നും 27 കുപ്പി മദ്യം സ്കൂട്ടറിൽ ഒളിപ്പിച്ചുകൊണ്ടു വന്ന പ്രതികളെ പിടികൂടിയതായി ഐ.ജി.പി-യും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. പേട്ട കണ്ണാന്തുറ പ്രിൻസി കോട്ടേജിൽ ബിനുമോൻ (44), കഠിനകുളം പള്ളിത്തുറ പുതുവൽ വീട്ടിൽ താമസം യേശുദാസൻ ഫെർണാണ്ടസ് (38) എന്നിവരെയാണ് കോവളം പോലീസ് അറസ്റ്റ് ചെയ്തത്.

കോവളം ജംഗ്ഷനിൽ വാഹന പരിശോധന നടത്തുന്നതിനിടെയാണ് ഇവർ പിടിയിലായത്. തമിഴ്നാട്ടിൽ നിന്നും കുറഞ്ഞ വിലയ്ക്ക് മദ്യം വാങ്ങി അമിത വിലയ്ക്ക് വിൽക്കാൻ വേണ്ടിയാണ് പ്രതികൾ മദ്യം കടത്തിയത്. കോവളം എസ്എച്ച്ഓ രുപേഷ് രാജ്,



കോവളം പോലീസ് അറസ്റ്റ് ചെയ്ത
ബിനുമോൻ (44),
യേശുദാസൻ ഫെർണാണ്ടസ് (38)

എസ് ഐ ഷാജി, എ.എസ്.ഐ മാരായ സുബാഷ്, മധു സി പി ഓ മാരായ ബിജേഷ്, ഷിജു, ഹോം ഗാർഡ് ജിനിൽജിത്ത്, അജേഷ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. ലോക്ഡൗണിന്റെ ഭാഗമായി വരും ദിവസങ്ങളിലും ശക്തമായ പരിശോധന ഉണ്ടാകുമെന്ന് സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

## ലോക്ക് ഡൗൺ വിലക്ക് ലംഘനം: 381 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- ലോക്ക് ഡൗൺ ദിനമായ ഇന്നലെ (08-05-2021) നാലു മണിവരെ തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 381 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 117 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 237 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 2 പേരിൽ നിന്നുമായി 1,19,500/- രൂപ പിഴ ഈടാക്കി. കൂടാതെ അനാവശ്യ യാത്ര നടത്തിയ 25 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു. ശരിയായ രീതിയിൽ സുരക്ഷാ മുൻകരുതൽ എടുക്കാത്ത 3730 പേർക്ക് താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്.

# 150 കിലോ കഞ്ചാവ് പിടികൂടിയ സ്പെഷ്യൽ ടീമിന് പ്രശംസാ പത്രം നൽകി

തിരുവനന്തപുരം:- സമീപകാലത്ത് സിറ്റി പോലീസ് നടത്തിയ ഏറ്റവും വലിയ കഞ്ചാവ് വേട്ടയായ 150 കിലോ കഞ്ചാവുമായി രണ്ടു തമിഴ്നാട്ടു സ്വദേശികളും ഒരു മലയാളിയുമടക്കം 3 പേരെ കഴിഞ്ഞ നാലാം തീയതി പിടികൂടിയതുൾപ്പെടെ നിരവധി ലഹരി മരുന്ന് വേട്ട നടത്തിയ സ്പെഷ്യൽ ടീമിലെ ഉദ്യോഗസ്ഥർക്ക് പ്രശംസാപത്രം വിതരണം ചെയ്തു. സിറ്റി പോലീസ് കമ്മീഷണർ ഓഫീസിൽ നടന്ന ചടങ്ങിൽ ഐ.ജി.പിയും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാം കുമാർ ഉപാദ്ധ്യായ ഐ.പി. എസ് ആണ് പുരസ്കാര വിതരണം നടത്തിയത്. ഡി.സി. പി മാരായ ഡോ. വൈഭവ് സക്സേന ഐ.പി.എസ്സ് (ക്രമസമാധാനം), ആരിഫ് മുഹമ്മദ് (അഡ്മിനിസ്ട്രേഷൻ)



എന്നിവർ ചടങ്ങിൽ പങ്കെടുത്തു. നർക്കോട്ടിക് സെൽ അസി. കമ്മീഷണർ റ്റി ആർ പ്രദീപ് കുമാർ, സ്പെഷ്യൽ ബ്രാഞ്ച് അസി. കമ്മീഷണർ ബിനുകുമാർ, ഡാൻസാഫ് ടീം

അംഗങ്ങളായ എസ്.ഐ ഗോപകുമാർ, രഞ്ജിത്ത്, അരുൺ, സജി, ഷിബു, നാജി ബഷീർ, ഷിബു എന്നിവർ സിറ്റി പോലീസ് കമ്മീഷണറിൽ നിന്നും പ്രശംസാപത്രം സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
08-05-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി